**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6302** | **10-07-2024 - ൽ മറുപടിയ്ക്ക്**

**മേപ്പാടം മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് തോട്ടുമൊക്ക്- മേപ്പാടം- മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | മേപ്പാടം മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് 226 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി എറണാകുളം എം.ഐ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 5 തവണ ടെണ്ടർ ചെയ്തിരുന്നുവെങ്കിലും വളരെ കൂടിയ നിരക്കിലാണ് ഒരേ കരാറുകാരൻ തന്നെ ക്വാട്ട് ചെയ്തിരുന്നത്. ആയതിനാൽ Negotiation ആവശ്യപ്പെട്ടതിനെ തുടർന്ന് അഞ്ചാം തവണ ക്വാട്ട് ചെയ്ത 29.91% കൂടിയ നിരക്കിൽ നിന്നും 22.765% നിരക്കിലേക്ക് തുക കരാറുകാരൻ കുറച്ചെങ്കിലും, നിരക്ക് അധികമായതിനാലും ഇതിലും കുറഞ്ഞ നിരക്കിൽ ടി പ്രവൃത്തി ഏറ്റെടുക്കുവാൻ സാധ്യതയില്ലാത്തതിനാലും പ്രവൃത്തിയുടെ ആവശ്യകത പരിഗണിച്ച് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് പുനഃപരിശോധിച്ച് പ്രവൃത്തി നടപ്പിലാക്കേണ്ടുന്ന പ്രദേശത്തിന്റെ പ്രത്യേക സാഹചര്യം ഒന്നു കൂടി പരിശോധിച്ച ശേഷം എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനായി സർക്കാർ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിരുന്നു. അപ്രകാരം ടി LIS ന്റെ ഉയർന്ന ഹെഡ്, വാട്ടർ ഹാമർ എഫക്ട്, കുറഞ്ഞ അറ്റകുറ്റപ്പണി, മാർക്കറ്റിലുള്ള ലഭ്യത എന്നിവ പരിഗണിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ എറണാകുളത്തിന്റെ കാര്യാലയത്തിൽ നിന്നും സ്വീകരിച്ച് വരുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ